*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/ HSE/2014** **20/08/2014**

# സർക്കുലർ

**വിഷയം : പുതിയ സ്കൂളുകളിലേയും നിലവിലുള്ള സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലേയും പ്രവേശനത്തെ സംബന്ധിച്ച് : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :1)ഇതേ നമ്പറിൽ ആഗസ്റ്റ് 8,14,19 തീയതികളിലെ സർക്കുലറുകൾ**
**2) സ.ഉ(കൈ). നം.143/2014/പൊ.വി തീയതി , 31/07/2014**
**3)WP( C ) No. 18176 of 2014 ഉം ബന്ധപ്പെട്ട കേസുകളിലും ബഹു. ഹൈക്കോടതി യുടെ ഇടക്കാല ഉത്തരവ്**
**4) നം എ.സി.ഡി .3/16830/13/ഹ.സെ.വി തീയതി 20/8/2014**

ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ച് ഹയർസെക്കണ്ടറി ഡയറക്ടറുടെ നടപടിക്രമം സൂചന 4 –ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂചന 4 നടപടിക്രമത്തിന്റെ അനുബന്ധമായി നൽകിയിട്ടുള്ള പുതിയ ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച ബാച്ചുകളിലേക്കും നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലേക്കുമുള്ള പ്രവേശന ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

## 1) പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനം :

**അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി : 23/08/2014 വൈകിട്ട് 4 മണി വരെ.**

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളെല്ലാം പരിഗണിച്ച് സൂചന 2 പ്രോസ്പക്ടസിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതാ ,സംവരണ , മെരിറ്റ് മാനദണ്ഡങ്ങൾ പാലിച്ചുക്കൊണ്ടുള്ള മെരിറ്റ് റാങ്ക് ലിസ്റ്റ് പ്രിൻസിപ്പൽ-ഇൻ-ചാർജ് കൈയ്യൊപ്പ് വച്ച് സ്കൂൾ സീലും പതിപ്പിച്ച് ആഗസ്റ്റ് 25 ന് രാവിലെ 11 മണിക്കുമുമ്പായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. മെരിറ്റ് റാങ്ക് ലിസ്റ്റിൽ അപേക്ഷാനമ്പർ , എസ്.എസ്.എൽ. സി. രജിസ്റ്റർ നമ്പർ,വിദ്യാർത്ഥിയുടെ പേര്, ജെൻഡർ ,ജനനതീയതി, കാറ്റഗറി, WGPA , റാങ്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം. പ്രസ്തുത മെരിറ്റ് റാങ്ക് ലിസ്റ്റിൽ

ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിക്കപ്പെടുകയാണെങ്കിൽ ആവശ്യമെങ്കിൽ ഡയറക്ടറേറ്റിലെ ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് പരിഹരിച്ച മെരിറ്റ് റാങ്ക് ലിസ്റ്റ് പ്രകാരം നിശ്ചിത എണ്ണം സീറ്റുകളിലേക്കുള്ള പ്രവേശനം ആഗസ്റ്റ് 25 ന് ഉച്ചക്ക് 2 മണിമുതൽ 26 ന് വൈകിട്ട് 5 മണിവരെ നടത്തേണ്ടതാണ്.

**പുതിയ സ്കൂളുകളിലെ പ്ലസ്വൺ ക്ലാസ്സുകൾ ആഗസ്റ്റ് 27 ന് രാവിലെ 9 മണിക്ക് ആരംഭിക്കേണ്ടതുമാണ്.**

## 2) നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കപ്പെട്ട അധിക ബാച്ചുകളിലെ പ്രവേശനം :

**സ്കൂൾ/ കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷകൾ സ്വീകരിച്ച് തുടങ്ങുന്ന തീയതി : 22/08/2014**

**സ്കൂൾ/ കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി :25/08/2014(4pm)**

**സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നത് : 27/08/2014**

**സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ തീയതികൾ : 27/08/2014 മുതൽ 28/08/2014 വരെ**

തുടർന്ന് സപ്ലിമെൻററി അലോട്ട്മെൻറിനായി വേക്കൻസി വിവരങ്ങൾ ആഗസ്റ്റ് 27 ന് രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ ആഗസ്റ്റ് 29 ന് വൈകിട്ട് 4 മണിവരെ സമർപ്പിക്കാവുന്നതാണ്. സപ്ലിമെൻററി അലോട്ട്മെൻറ് റിസൽട്ട് സെപ്റ്റംബർ 1 ന് രാവിലെ പ്രസിദ്ധീകരിക്കുന്നതും അഡ്മിഷൻ സെപ്റ്റംബർ 1 നും 2 നുമായി നടക്കുന്നതുമാണ്.

ഡയറക്ടർ